ക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു.എ. ബീരാൻ): കഴിഞ്ഞ പന്ത്രണ്ടു ദിവസമായി മലപ്പുറം, അങ്ങാടിപ്പുറം ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ഗോഡൗണിൽ നിന്നും അരിവിതരണം നടക്കുന്നില്ല. അതിന്റെ പ്രധാനപ്പെട്ട കാരണം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ തൊഴിൽ തർക്കമാണ്. അവിടെ എഫ്.സി.ഐ.യുടെ കയറ്റു ഇറക്കുമതിനടത്തിയിരുന്ന കരാറുകാരന്റെ കാലാവധി കഴിഞ്ഞപ്പോൾ എഫ്.സി.ഐ. പുതിയ ടെണ്ടർ കൊടുത്തു കരാറുകാരനെ നിശ്ചയിച്ചു. ആ കരാറുകാരനുമായി തൊഴിലാളികളും തൊഴിലാളിയൂണിയൻ നേതാക്കളും വളരെ ദൂരിച്ച ഡിമാൻറുകൾ പുതുതായി വച്ചുകൊണ്ട് വലിയ തർക്കം ഉണ്ടായി. ആ തർക്കം മലപ്പുറം ജില്ലാ കളക്ടറും മറ്റും ഇടപെട്ട് ഒരുമാതിരി അവസാനിപ്പിച്ചു. അങ്ങനെ അരി വിതരണം നടത്താൻ കഴിയും എന്നു വിശ്വസിച്ചുകൊണ്ടിരുന്നപ്പോഴാണ്, തൊഴിലാളികളും തൊഴിലാളി യൂണിയൻ നേതാക്കൻമാരും വീണ്ടും പുതിയ ഡിമാൻറുകൾവച്ചുകൊണ്ട് റേഷൻ വിതരണത്തിൽ സ്തംഭനം ഉണ്ടക്കിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ അവിടെനിന്നും റേഷൻ വിതരണം നടത്താൻ ബുദ്ധിമുട്ടാണെങ്കിൽ ആ പ്രദേശങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അരി വിതരണം ചെയ്യണമെന്ന കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതു സാദ്ധ്യമല്ലെങ്കിൽ കുറ്റിപ്പുറത്തുനിന്നും അതല്ലെങ്കിൽ പാലക്കാട്ടുനിന്നോ കോഴിക്കോട്ടു നിന്നോ അവിടെയുള്ള ഹോൾസെയിലുകാർക്ക് അരി വിതരണം ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്തായാലും മലപ്പുറം ജില്ലാ കളക്ടർ ഇതു സംബന്ധിച്ച് ഒരു യോഗം വിളിച്ചുകൂട്ടിയിട്ടുണ്ട്. തൊഴിലാളികളും തൊഴിലാളി നേതാക്കളും ഈ കാര്യത്തിൽ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അനുരഞ്ജന സ്വഭാവത്തോടുകൂടി ഇതിൽ ഒരു പരിഹാരം ഉണ്ടാക്കുമെന്നും റേഷൻ വിതരണത്തിൽ ബുദ്ധിമുട്ട് ഉണ്ടാകുകയില്ലെന്നുമാണ് പ്രതീക്ഷിക്കുന്നത്.

(6) മേത്തല പഞ്ചായത്തിലെ ലൈറ്റിംഗ് ടാക്സ് പിരിവ്

ശ്രീ. വി.കെ. രാജൻ: മേത്തല പഞ്ചായത്തിൽ ഉദ്യോഗസ്ഥരേണംമൂലം ലൈറ്റിംഗ് ടാക്സ് എന്ന ഒരു പുതിയ ടാക്സ് ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചിരിക്കുകയാണ്. ഈ ടാക്സ് കൊടുക്കാൻ ജനങ്ങൾ ബാദ്ധ്യസ്ഥരല്ല. വെള്ളം, വെളിച്ചം തുടങ്ങിയ ജനങ്ങളുടെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ പഞ്ചായത്തിന് ബാദ്ധ്യതയുണ്ട്. അവ നിർബന്ധ സേവനങ്ങളിൽ പെട്ടതുമാണ്. അതു പ്രകാരം വെളിച്ചത്തിനുവേണ്ടി നികുതി ചുമത്തുന്നത് ഒരു അധിക നികുതിയാണ്, ഇതു ന്യായീകരിക്കാൻ വയ്യ. റോഡ് നികുതി, വാഹനികുതി, വിനോദ നികുതി തുടങ്ങിയ നികുതികൾ ഇപ്പോൾ നൽകുന്നുണ്ട്. വേറെ ഒരു സ്ഥലത്തും ഇല്ലാത്ത ലൈറ്റിംഗ് ടാക്സ് പിരിക്കുന്നത് ഉടൻ തടയേണ്ടതാണ്.

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. സി.എം. സുന്ദരം): ബഹുമാനപ്പെട്ട അംഗം ഈ പ്രശ്നം ഉന്നയിച്ച്, പൊതുജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾ, നിയമസഭയുടെ മുൻപാകെ കൊണ്ടുവന്ന് പരിഹരിക്കാൻ ശ്രമിക്കുന്നതിൽ സന്തോഷമേയുള്ളൂ. 1962-ലെ കേരളാ പഞ്ചായത്ത് സർവ്വീസ് ടാക്സ് റൂൾസിന്റെ സെക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

നാല് റൌണ്ടും മൂന്ന് അനുസരിച്ച്; Lighting tax be provided for expenses connected with the lighting of Panchayat area by can, electricity or by other means. അതിൽ രണ്ടു ശതമാനം ടാക്സ് വാങ്ങാം എന്നാണ്. അങ്ങനെയാണ് ഇപ്പോൾ ടാക്സ് ചെയ്തിട്ടുള്ളത് എന്നാണ് ഞാൻ അറിയുന്നത്. അതേ അവസരത്തിൽ പഞ്ചായത്തുകളുടെ സാമ്പത്തികാവസ്ഥ വളരെ മോശമായിരിക്കുന്ന കാലഘട്ടത്തിൽ ലൈറ്റിംഗ് ടാക്സ് നിർബന്ധമായും ലെവി ചെയ്യാനുള്ള സാഹചര്യമായതുകൊണ്ടാണ് ചെയ്തിട്ടുള്ളത്. അതിൽ എന്തെങ്കിലും അപാകതയുണ്ടെന്നു ചൂണ്ടിക്കാണിക്കുകയാണെങ്കിൽ അത് പരിശോധിച്ച് പരിഹരിക്കാവുന്നതാണ്.

(7) അമ്പലപ്പുഴ, പുറക്കാട്, തകഴി, കരുവാറ്റ പഞ്ചായത്തുകളിലെ കരിനിലങ്ങളെ പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിക്കൽ.

ശ്രീ. വി. ദിനകരൻ: അമ്പലപ്പുഴ, ഹരിപ്പാട് എന്നീ നിയോജകമണ്ഡലങ്ങളിൽപ്പെട്ടു കിടക്കുന്ന അമ്പലപ്പുഴ, പുറക്കാട്, തകഴി, കരുവാറ്റാ എന്നീ നാലു പഞ്ചായത്തുകളിലെ ഒൻപതിനായിരം ഏക്കറോളം വരുന്ന കരിനില കർഷകരുടെ കദനകഥയാണ് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപെടുത്താനുള്ളത്. ആ പ്രദേശങ്ങളിലെകൃഷി എന്നും നഷ്ടത്തിൽ കലാശിക്കുന്ന ഒരു പ്രവണതയാണ് ഉള്ളത്. അവിടത്തെ കൃഷിക്കാർ സഹകരണ സ്ഥാപനങ്ങളിൽനിന്ന് വായ്പ എടുത്ത 40 ലക്ഷത്തോളം രൂപ തിരിച്ചടയ്ക്കാൻ നിവൃത്തിയില്ലാതെ ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് അവിടെയുള്ളത്. അവിടത്തെ മണ്ണ് ഫലഭൂയിഷ്ടമല്ല. നിരന്തരമായി ഉപ്പുവെള്ളം കയറുന്നതുമൂലം കൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. മാറ്റു പ്രദേശങ്ങളിൽ നാൽപ്പതു വിള കിട്ടുമ്പോൾ ഇവിടെ പത്തു വിള പോലും കിട്ടുന്നില്ല. മറ്റു സ്ഥലങ്ങളിൽ ഉള്ള ഭൂമിയുടെ വിലയുടെ 25 ശതമാനംപോലും ഇവിടെ കിട്ടാത്ത സ്ഥിതിയാണ്. ഇതു കർഷകരുടെ കുറ്റം കൊണ്ടല്ല. എന്തുചെയ്യണമെന്നറിയാതെ അവർ നട്ടംതിരിയുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ സമ്മേളനത്തിൽവച്ച് കരിനിലമേഖല ഒരു പ്രത്യേക കാർഷികമേഖലയായി പ്രഖ്യാപിക്കുമെന്ന് പറയുകയുണ്ടായി. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്, ആ കരിനിലമേഖലയെ ഒരു പ്രത്യേക കാർഷികമേഖലയായി പ്രഖ്യാപിച്ച് പാവപ്പെട്ട കരിനിലം കൃഷിക്കാർക്ക് സംരക്ഷണം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

കൃഷിവകുപ്പു മന്ത്രി (ശ്രീ. എ.എൽ. ജേക്കബ്): സർ, ആലപ്പുഴ ജില്ലയിലെ കരിനിലകൃഷിക്കാരുടെ ബുദ്ധിമുട്ടുകളെപ്പറ്റി ഗവൺമെൻറിനറിയാം. സമുദ്രനിരപ്പിൽനിന്നും ഉദ്ദേശം ഒന്നര മുതൽ രണ്ടു മീറ്റർവരെ താഴ്ന്ന ഈ പാടങ്ങളിൽ മണ്ണിന്റെ അമിതമായ അമ്ല സ്വഭാവം കൃഷിയെ സാരമായി ബാധിക്കുന്നുണ്ട്. അതുപോലെ ഓരുവെള്ളം കയറിയും കൃഷി നശിക്കുന്നുണ്ട്. അതുകൊണ്ട് കുട്ടനാടൻ പുഞ്ചക്കൃഷിക്കാർക്കു നൽകുന്ന പമ്പിംഗ് സബ്സിഡി മുതലായ ആനുകൂല്യങ്ങൾക്കുപുറമേ കുമ്മായവസ്തുക്കളും പകുതി

LIBRARY ARCHIVES Kerala Legislative Assembly